ദീപിക

13 April 2018

# കടലിലെ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കാൻ നയരൂപീകരണം വേണം

കൊച്ചി: മത്സ്യസമ്പത്തിന്റെ നിലനിൽപ്പിനു ഭീഷണിയായ കടൽ-കായൽ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കാൻ നയരൂപീകരണം വേണമെന്ന് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണകേന്ദ്രത്തിൽ (സിഎംഎഫ്ആർഐ) നടന്ന ദേശീയ സമ്മേളനം. മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ (എംബിഎഐ) നേതൃത്വത്തിലാണ് ദ്വിദിന സമ്മേളനം നടന്നത്.

മാലിന്യങ്ങൾ പെരുകുന്നതുമൂലം മീനുകളുടെ ഉള്ളിൽ സൂക്ഷ്മ പ്ലാസ്റ്റിക് കണങ്ങൾ അടങ്ങിയതായി കണ്ടെത്തിയിരുന്നു. ഈ ഗുരുതരപ്രശ്നം പരിഹരിക്കണമെങ്കിൽ ശക്തമായ നയരൂപീകരണം കൂടിയേതീരുവെന്ന് സമാപനത്തോടനുബന്ധിച്ചു നടന്ന പ്ലീനറി ചർച്ചയിൽ നിർദേശമുയർന്നു. നയരൂപീകരണത്തിന്റെ ഭാഗമായി മേഖലയിൽ ഗവേഷണങ്ങൾ നടത്തുന്ന സിഎംഎഫ്ആർഐ കേന്ദ്ര സർക്കാറിന് മാർഗനിർദേശങ്ങൾ സമർപ്പിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. കൂടാതെ, കേന്ദ്ര-സംസ്ഥാന തലങ്ങളിൽ മാലിന്യ നിയന്ത്രണ സമിതികൾ സ്ഥാപിക്കണം. സമിതിക്കു കീഴിൽ കോർപറേഷൻ, നഗരസഭ, പഞ്ചായത്ത് തലങ്ങളിൽ ഉപകേന്ദ്രങ്ങളുമുണ്ടാകണം. കരയിൽ നിന്നു കടലിൽ എത്തിച്ചേരുന്ന മാലിന്യങ്ങൾക്ക് നിയന്ത്രണ വരുത്തിയാൽ മാത്രമേ കടലിന്റെ ആവാസവ്യവസ്ഥയേയും അതുവഴി മത്സ്യസമ്പത്തിനെയും സംരക്ഷിക്കാനാകൂവെന്നും സമ്മേളനം വിലയിരുത്തി.

പ്ലീനറി ചർച്ചയ്ക്ക് ഡോ. കെ. സുനിൽ മുഹമ്മദ്, ഡോ. എം. ഭൂപേന്ദ്ര നാഥ്, ഡോ. കെ. വി. ജയചന്ദ്രൻ, ഡോ. വി. കൃപ എന്നിവർ നേതൃത്വം നൽകി.